## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 4326 — 19.10.2011 ൽ മറുപടിക്ക്

## ഫോക്‌ലോർ അക്കാഡമി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ :<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ. അൻവർ സാദത്ത് :<br>ശ്രീ. എ.റ്റി. ജോർജ് : | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമ വികസനവും, ആസൂത്രണവും, സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) |
| (എ) കേരള ഫോക്‌ലോർ അക്കാഡമി ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; | (എ) കേരള ഫോക്‌ലോർ അക്കാദമി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കേരളത്തിലെ എല്ലാ ജില്ലകളിലും ഫോക്‌ലോർ പ്രവർത്തകരുടെയും കലാകാരന്മാരുടെയും കൂട്ടായ്മ, സർവ്വകലാശാലകളിൽ ഫോക് സെമിനാറുകളും പ്രദർശനവും സംഘടിപ്പിക്കുക, കേന്ദ്ര സാംസ്കാരിക വകുപ്പുമായി ആലോചിച്ച് ഇന്ത്യയിലെ വിവിധ കൾച്ചറൽ സോണുകളുമായി സഹകരിച്ച് ദേശീയ ഫോക് ഫെസ്റ്റിവലുകളും ഭാരതോത്സവവും സംഘടിപ്പിക്കുക, നാടൻ കലാ ഗ്രാമങ്ങൾ സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ ഉണ്ടാക്കുക തുടങ്ങി സമ്പൂർണ്ണവും വൈവിധ്യപൂർണ്ണവുമായ നിരവധി പദ്ധതികൾ ഫോക്‌ലോർ അക്കാഡമി ആവിഷ്കരിച്ചിട്ടുണ്ട്. കൊടക്കാട് കണ്ണപ്പെരുവണ്ണാൻ തെയ്യം കലാഗ്രാമം, കണ്ണപുരം നാടൻകലാഗ്രാമം എന്നിവയുടെ പ്രവർത്തനം പ്രാഥമിക ഘട്ടത്തിലാണ്. |
| (ബി) അക്കാഡമിക്ക് ഒരു കേന്ദ്രം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) ഉണ്ട്. |
| (സി) എങ്കിൽ എവിടെയാണ് സ്ഥാപിക്കാനുദ്ദേശിക്കുന്നത് ; | (സി) പാലക്കാട്ട് ചെമ്പൈ സംഗീത കോളേജിലും, കോട്ടയം ജില്ലയിൽ വെള്ളാവൂർ ഗ്രാമപഞ്ചായത്തിലുമാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | ഈ കേന്ദ്രത്തിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നത് ; | (ഡി) | തിരുവിതാംകൂറിലെയും കേരളത്തിലെ മറ്റു സ്ഥലങ്ങളിലെയും, ഇന്ത്യയിലെയും, വിദേശത്തെയും നാടൻകലാരൂപങ്ങളുടെ പ്രദർശനത്തിന് ഇവിടെ വേദി ഉണ്ടാകും. ഫോക്‌ലോർ മ്യൂസിയം, ആർട്ട് ഗ്യാലറി, ആർക്കൈവ്സ്, വിപുലമായ ലൈബ്രറി, ഫോക്‌ലോർ പഠന കേന്ദ്രം എന്നിവ ഇവിടെ സജ്ജീകരിക്കും. നൂറ്റാണ്ടുകളിലൂടെ നാം നേടിയെടുത്ത ആയോധന സിദ്ധികളും കാർഷിക സാമഗ്രികളും പാചകവിധികളും ആചാരാനുഷ്ഠാനങ്ങൾക്കായി നാം സ്വീകരിച്ച മാർഗ്ഗങ്ങളുടെ ഒരു സ്ഥിരം സംവിധാനം ഫോക്‌ലോർ ഗ്രാമത്തിൽ ഉണ്ടാകും. ക്ഷേത്രകലകളുടെയും നാടൻ വാദ്യോപകരണങ്ങളുടെയും ഒരു പഠന ഗവേഷണകേന്ദ്രം പാലക്കാട്ടുള്ള ചെമ്പൈ സംഗീത കോളേജിൽ ആരംഭിക്കുന്നതിനുവേണ്ടി തീരുമാനിച്ചിട്ടുണ്ട്. |
| (ഇ) | ഇതിന് എന്ത് തുക വകയിരുത്തിയിട്ടുണ്ട് ? | (ഇ) | പാലക്കാട്ട് ചെമ്പൈ സംഗീത കോളേജിന് 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വെള്ളാവൂർ ഗ്രാമപഞ്ചായത്തിന് 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. രണ്ടേക്കർ സ്ഥലം റവന്യൂ വകുപ്പ് നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ